## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമ ഉത്തരവ്

വിഷയം:- പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - ഹൈസ്കൂൾ പ്രധാനാധ്യാപക/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ നിയമനം- ശ്രീ. ആർ ബാബു വിനെ ഇടിഞ്ഞാർ ഗവ. ട്രൈബൽ എച്ച് എസിലെ പ്രധാനാധ്യാപകന്റെ തസ്തികയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1) 23.05.2019-ലെ ഈ കാര്യാലയത്തിലെ ഉത്തരവ് നം. വി ബി4/1162/2019/ഡി പി ഐ.
2) 16.01.2019 ലെ ഈ കാര്യാലയത്തിലെ ഉത്തരവ് നം വിബി4/1162/2019/ഡി പി ഐ
3) 22.05.2019 ലെ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കത്ത് നം. എ6/5225/2019

**ഉത്തരവ് നമ്പർ ഡി5/7500/2018/ഡി.പി.ഐ. തീയതി :29/05/2019**

പാറശ്ശാല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറായിരുന്ന ശ്രീ. ബാബു. ആർ നെ അച്ചടക്ക നടപടിയുടെ ഭാഗമായി സേവനത്തിൽ നിന്നും പരാമർശം (2) പ്രകാരം വേലവിലക്കിയിരുന്നു. ടി വേലവിലക്ക് പിൻവലിച്ച് അച്ചടക്ക നടപടികൾ തുടർന്നു കൊണ്ട് ടിയാളെ തിരികെ സേവനത്തിൽ പ്രവേശിപ്പിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

ടി സാഹചര്യത്തിൽ ശ്രീ. ആർ ബാബുവിനെ തിരുവനന്തപുരം ജില്ലയിൽ നിലവിൽ ഒഴിവുള്ള ഇടിഞ്ഞാർ ഗവ. ട്രൈബൽ എച്ച് എസിലെ പ്രധാനാധ്യാപകന്റെ തസ്തികയിൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചുത്തരവാകുന്നു.

പുതിയ ലാവണത്തിൽ പദവി ഏറ്റെടുത്തശേഷം ബന്ധപ്പെട്ട കാര്യാലയങ്ങളിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

(ഒപ്പ്/)
**ജീവൻ ബാബു കെ, ഐഎഎസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**// അംഗീകാരത്തോടെ//**

**സൂപ്രണ്ട്**

സ്വീകർത്താവ്:-

ശ്രീ. ആർ ബാബു (പാറശ്ശാല ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസർ മുഖേന)

പകർപ്പ്:-

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം.
3. ജില്ലാ വിദ്യാഭ്യാസ ഓഫീസർ നെയ്യാറ്റിൻകര, ആറ്റിങ്ങൽ
4. ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാറശ്ശാല.

കരുതൽ ഫയൽ